(3) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിക്കല്ലൂർ, കൊളവള്ളി, മരക്കടവ്, താളൂർ തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണിതീർന്ന് വർഷങ്ങളായിട്ടും ഇനിയും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാത്തതു കാരണം, ലക്ഷക്കണക്കിന് രൂപ ചെലവാക്കിയത് വെറുതെ കിടക്കുകയാണ്. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതിന്റെ ഫലമായി തൊട്ടടുത്ത് ആയിരക്കണക്കിന് ഏക്കർ വയലുകൾ ഉണങ്ങിക്കിടക്കുകയാണ്. അടിയന്തിരമായി ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാൻ വേണ്ടിയുള്ള നടപടിയുണ്ടാകണം.

കഴിഞ്ഞദിവസം ഇക്കാര്യം ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അപ്പോൾ ജലസേചന വകുപ്പു മന്ത്രിയുടെ കോർട്ടിൽ പന്തു കൊടുത്തിരിക്കയാണെന്നു പറഞ്ഞു ഇനി അങ്ങാണ് തീരുമാനമെടുക്കേണ്ടതേ, കർഷകരുടെ വികാരമറിയാവുന്ന ഒരു മന്ത്രിയെന്നുള്ളനിലയിൽ ഉടനെ ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുവാനുള്ള ഏർപ്പാട് ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഈ പന്ത് അടുത്ത ദിവസമാണ് എന്റെ കോർട്ടിലെത്തിയത്. ഈ സ്കീമുകളിൽ പലതും 1982-ലാണ് പൂർത്തിയായത്. ചിലത് അടുത്തകാലത്ത് പൂർത്തിയാക്കിയതാണ്. ഏതായാലും ഈ പന്ത് കോർട്ടിൽ വന്ന സ്ഥിതിക്ക് അതിന് അടിയന്തിരമായി ശ്രദ്ധപതിപ്പിക്കാം. എത്രയും വേഗം ഇലക്ട്രിസിറ്റി കണക്ഷൻ വാങ്ങുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്.

(4) സ്ത്രീകളോടുള്ള അപമര്യാദയായ പെരുമാറ്റം.

ശ്രീ. കെ. ടി. കുഞ്ഞിരാമൻ : സർ, 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി'യെക്കുറിച്ച് അഭിമാനിച്ച നമ്മുടെ നാട്ടിനാകമാനം അപമാനകരമായ വിധത്തിൽ, വ്യാപകമായ രീതിയിൽ സ്ത്രീകളെ അപമാനിക്കുകയും ചെയ്യുന്ന പീഡനാനുഭവങ്ങളുടെ കഥകളാണ് ഈ സഭയ്ക്കകത്തും പുറത്തും പത്രങ്ങളിലും പത്രമാസികകളിലുമൊക്കെ വ്യാപകമായി പ്രതിപാദിച്ച് കാണുന്നത്. ഇതുപോലെ ചില സംഭവങ്ങൾകൊണ്ട് കൊയിലാണ്ടിയിലും പരിസരപ്രദേശങ്ങളിലുമുള്ള ഗ്രാമപ്രദേശങ്ങളിലെ പുരുഷകേസരികളായിട്ടുള്ള ആളുകൾ അവിടത്തെ തൊഴിൽരഹിതരായ ചില പാവപ്പെട്ട പെൺകുട്ടികളുടെനേരെ നടത്തിയ പീഡനാനുഭവങ്ങളെ സംബന്ധിച്ചും അതിന്റെ ഫലമായിട്ട് അവർ ആത്മഹത്യയ്ക്ക് ഇരയാകേണ്ടിവന്നതിനെ സംബന്ധിച്ചുമാണ് എനിക്ക് പറയാനുള്ളത്. ഈ സംഭവങ്ങളെല്ലാം അടങ്ങുന്ന ഒരു ഫീച്ചർ മാതൃഭൂമിയുടെ ഒരു പ്രധാന പ്രസിദ്ധീകരണമായ 'ഗൃഹലക്ഷ്മി' മാസികയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പ്രസിദ്ധീകരണത്തിന്റെ ഫീച്ചർ അച്ചടിച്ചുവന്ന 77,78 പേജുകൾ നീക്കംചെയ്തുകൊണ്ട് ആണ് പ്രസിദ്ധീകരിച്ചത്. ഇതുസംബന്ധിച്ച് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ 'കുഞ്ഞമ്മാമൻ' പറയുന്നത്, രാഷ്ട്രീയ, സാമൂഹ്യ സേവനമാണ് ഞങ്ങളുടെ തൊഴിൽ, പക്ഷേ അത് രാത്രിയിലാണെന്നുമാത്രം എന്നാണ്. കുഞ്ഞമ്മാമനെക്കൊണ്ട് ഇത് പറയിച്ച്

LIBRARY ARCHIVES Kerala Legislative Assembly